## കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

**(സാന്നിധ്യം. ബിജേഷ് എ എസ് കെ എ എസ് )**

വിഷയം:- പൊതുവിദ്യാഭ്യാസം ജീവനം - അന്തർ ജില്ലാ സ്ഥലം മാറ്റം 2024-25 - പ്രൈമറി വിഭാഗം - അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത്.

പരാമർശം:- 1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 26/11/2024, 27/12/2024 തിയതികളിലെ DGE/24296/2024-A1 നമ്പർ സർക്കുലർ.
2. അദ്ധ്യാപകരുടെ ഓൺലൈൻ അപേക്ഷ
3.ട്രാൻസ്ഫർ ആൻഡ് പോസ്റ്റിങ്ങ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള സീനിയോരിറ്റി ലിസ്റ്റ്.
4. ഈ കാര്യാലയത്തിലെ 04/02/2024 തിയതിയിലെ ഇതേ നമ്പർ ഉത്തരവ്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27.03.2025 തിയതിയിലെ DGE/20836/2024-A1 നം കത്ത്

**ഉത്തരവ് നമ്പർ DDEKNR/9324/2024-A4 തീയതി : 28-03-2025**

2024-25 വർഷത്തെ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സൂചന 1 പ്രകാരമുള്ള സർക്കുലർ പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. അപേക്ഷ നൽകിയവരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുകയും, സൂചന പ്രകാരം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന 4 പ്രകാരം താൽകാലിക സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

നാളിതുവരെയായി ലഭിച്ച അപേക്ഷകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ആയത് പരിഗണിച്ച് അർഹരായ അദ്ധ്യാപകർക്ക് ചുവടെ ചേർത്ത പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു

| ക്രമ നമ്പർ | അദ്ധ്യാപികയുടെ പേര്, തസ്തിക, ജോലി ചെയ്യുന്ന വിദ്യാലയം | നിലവിൽ ജോലി ചെയ്യുന്ന ജില്ല | സ്ഥലം മാറ്റം നൽകിയ വിദ്യാലയം |
|---|---|---|---|
| 1 | ANITHA V, LPST, G. U. P. S. Kannivayal | Kasaragod | 13770 THADIKKADAVU GHS |
| 2 | LALI V K, LPST, GMJBS AZHIYOOR | Kozhikode | 13736-THURUMBI LPS |
| 3 | RAMYA E, UPST, Govt. Muslim V.H.S.S. Kasaragod | Kasaragod | 13965-GUPS PALAKKODE |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകരുടെ സർവ്വീസ് സീനിയോരിറ്റി കണ്ണൂർ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. കൂടാതെ 09.08.1988 ലെ ജി.ഒ (എം.എസ്) നമ്പർ 128/88/ജി ഇ ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന ദിവസം അധ്യാപകർ ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിൽ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തിമ അന്തർജില്ലാ

സ്ഥലംമാറ്റ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രഥമാധ്യാപകർ ബന്ധപ്പെട്ട അധ്യാപകരെ വിടുതൽ ചെയ്യാൻ പാടുള്ളൂ.

23.08.2012 ലെ സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ 42/12 പി&എ.ആർ.ഡി പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം മുഖേന ജില്ലയിൽ പ്രവേശിക്കുന്ന അധ്യാപകർ കണ്ണൂർ ജില്ലയിൽ നിന്നും പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്.

അഞ്ച് വർഷം സേവന കാലയളവ് പൂർത്തീകരിച്ചിട്ടില്ലാത്ത അധ്യാപകർ 23.04.2003 ല െ സ.ഉ(എം.എസ്)നം 94/2003/പൊ.വി പ്രകാരമുള്ള സ്ഥലങ്ങളിൽ സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ട െങ്കിൽ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷ കാലയളവിൽ ഉത്തരവി ൽ പരാമർശിക്കുന്ന ഹിൽ/റിമോട്ട് ഏരിയകളിൽ മാത്രമേ സ്ഥലം മാറ്റത്തിന് അർഹത ഉണ്ടായി രിക്കുകയുള്ളൂ.

അന്തർജില്ല സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ തെറ്റായ വിവരം നൽകിയാണ് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചതെന്ന് ബോധ്യപ്പെട്ടാൽ ഉത്തരവ് റദ്ദ് ചെയ്യുന്നതും ബന്ധപ്പെട്ട അധ്യാപകർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമാണ്.

സ്ഥലം മാറ്റം ലഭിച്ച എല്ലാ അധ്യാപകരും ഏപ്രിൽ 30 നുള്ളിൽ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട പ്രധാന അധ്യാപകൻ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Signed by
Bijesh A S
Date: 28-03-2025 16:49:38

വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ
(പൂർണ്ണ അധിക ചുമതല

സ്വീകർത്താവ് :

1 പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2.ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ
3.ബന്ധപ്പെട്ട പ്രധാനാധ്യാപകർ
4.ബന്ധപ്പെട്ട അധ്യാപകർ(പ്രധാനാധ്യാപകർ മുഖേന)
5.കരുതല് ഫയൽ